


# right brain

LITTLE KITES 13784

ONLINE MAGAZINE 2019-20

G H S KALIKKADAVU



**2019-20 അധ്യയന വർഷത്തെ ലിറ്റിൽ കൈറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ**

**ആശംസകളും നേരുന്നു.**

**ഹെഡ്മാസ്റ്റർ**

# ലിറ്റിൽ കൈറ്റ്-
# ജി.എച്ച്.എസ്.കാലിക്കടവ്



# ആമുഖം

വിവര സാങ്കേതിക വിദ്യയുടെ വിസ്മയ ലോകത്തേക്ക് കുട്ടികളെ കൈ പിടിച്ചുയർത്താൻ  കഴിയുന്ന തരത്തിൽ കേരളത്തിലെ വിദ്യാലയങ്ങൾമാറിയിരിക്കുന്നു. ആശയവിനിമയത്തിനും വിനോദത്തിനും അറിവു നേടുന്നതിനുമെല്ലാം വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ നമുക്ക് അറിയാവുന്നതാണ്.നമ്മുടെ വിദ്യാലയത്തിലെ ലിററിൽ കൈററ്സ് അംഗങ്ങൾ തയ്യാറാക്കിയ , കുട്ടികളുടെ സർ ഗ്ഗാത്മകതയും സാങ്കേതികശേഷിയും സമന്വയിക്കുന്ന ഈ ഡിജിററൽ മാഗസിനിലൂടെ പുതിയ ലോകത്തിന്റെ പുത്തൻ വിദ്യകൾ പരിചയപ്പെടാനുള്ള ഒരു ശ്രമം നടത്തുകയാണ് ഞങ്ങൾ.......

## ഉള്ളടക്കം

മലയാള ചെറുകഥ....................5
എന്റെ വിദ്യ....................8
മരണം....................9
ആട്ട ജീവിതം....................10
ഹൈടെക് വിദ്യാലയം ,പഞ്ചായത്ത് തല പ്രഖ്യാപനം....................12
കുറുമാത്തൂർ പഞ്ചാത്ത്....................12
എന്റെ വിദ്യ....................13
ജീവിതം....................14
ചാൾസ് ഡാർവിൻ....................15
ആ തീവണ്ടിയാത്രയ്ക്കിടയിൽ....................16
ജലസംഘർഷങ്ങൾ....................19
മനുഷ്യൻ ഭൂമിയുടെ ഭാരം....................22
നൂറ്റാണ്ടിന്റെ സാങ്കേതിക വിദ്യ....................23
ഔഷധ സസ്യങ്ങൾ....................27
മഴ സ്ഥിരത കുറയുന്ന കേരളം....................30
സ്വപ്നം....................31
ഓല ശലഭം....................32
മനുഷ്യ മൃഗം....................33
അനാഥമാക്കപ്പെട്ട ബാല്യങ്ങൾ....................34
ചിത്ര ശലഭങ്ങൾ....................35
സ്ററീഫൻ ഹോക്കിങ്ങ്....................36
ആഹാരങ്ങളിലെ മായങ്ങൾ....................38

# മലയാള ചെറുകഥ

'വിദ്യാവിനോദിനി' മാസികയിൽ 1891-ൽ (1066 കുംഭം) പ്രസിദ്ധീകരിച്ച വാസനാ വികൃതിയാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ. പത്രപ്രവർത്തകനായിരുന്ന കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരാണ് വാസനാ വികൃതി രചിച്ചത്. കഥാകൃത്തിന്റെ പേരു വയ്ക്കാതെയാണ് ഈ ചെറുകഥ പ്രസിദ്ധീകരിച്ചത്. സി. എസ്. ഗോപാലപ്പണിക്കർ, മൂർക്കോത്തു കുമാരൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, അമ്പാടി നാരായണപ്പുതുവാൾ, എം. ആർ. കെ. സി., കെ. സുകുമാരൻ, ഇ. വി. കൃഷ്ണപിള്ള എന്നിവരായിരുന്നു പ്രമുഖരായ ആദ്യകാല കഥാകൃത്തുക്കൾ.

ഒന്നാം ഘട്ടം

പത്രമാസികകളുടെ പ്രചാരമാണ് ചെറുകഥയ്ക്ക് വായനക്കാരെ സൃഷ്ടിച്ചത്. ഈ അന്തരീക്ഷം ഒട്ടേറെ എഴുത്തുകാരെ ചെറുകഥയിലേക്ക് ആകർഷിച്ചു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ശീവൊള്ളി നാരായണൻ നമ്പൂതിരി, പന്തളം കേരളവർമ്മ, സി. പി. അച്യുതമേനോൻ, അപ്പൻ തമ്പുരാൻ, സി. വി. കുഞ്ഞുരാമൻ, കാരാട്ട് അച്യുതമേനോൻ, തേലപ്പുറത്ത് നാരായണൻ നമ്പി, ചിത്രമെഴുത്ത് കെ. എം. വർഗീസ്, എം. രത്നം, എൻ. എം. ദാസ്, ഇ. ഐ. പങ്ങിയച്ചൻ, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, സി. ശങ്കരവാരിയർ, പി. ജി. രാമയ്യർ, അമ്പാടി കാർത്ത്യായനി അമ്മ, വി. പാർവതിയമ്മ, ടി. സി. കല്യാണിയമ്മ തുടങ്ങി ഒട്ടേറെ എഴുത്തുകാർ ആദ്യകാലത്ത് ചെറുകഥകളെഴുതിയിരുന്നു. ഈ ആദ്യഘട്ടത്തിന്റെ ഒടുവിൽ രംഗത്തു വന്ന കഥാകൃത്തുക്കളാണ് കെ. പി. കേശവമേനോൻ, ചേലനാട്ട് അച്യുതമേനോൻ, കെ. എൻ. എഴുത്തച്ഛൻ, എസ്. രാമാവാരിയർ, സി. എ. കിട്ടുണ്ണി, പാവുണ്ണി തൈക്കാട്, വിളാവട്ടത്ത് ശങ്കരപ്പിള്ള, കെ. എസ്. മണി തുടങ്ങിയവർ.

രണ്ടാം ഘട്ടം

1925 മുതൽ ചെറുകഥയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നു. വ്യക്തമായ സാമൂഹിക വീക്ഷണത്തോടുകൂടി എഴുതിയ ചെറുകഥകളുടെ ഘട്ടമാണത്. വി. ടി. ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി, എം. ആർ. ബി തുടങ്ങിയവരുടെ കഥകളാണ് ഇതിനുദാഹരണം. 1920-കൾ മുതൽ ലോകകഥയെ പരിചയപ്പെടുത്തിയും ചെറുകഥയുടെ സൗന്ദര്യശാസ്ത്രപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്തും നിരൂപകനായ കേസരി ബാലകൃഷ്ണപിള്ള പുതിയൊരു സാഹിത്യാവബോധം മലയാളത്തിൽ സൃഷ്ടിച്ചു. ചെറുകഥയിലും നോവലിലും പരിവർത്തനം കൊണ്ടുവരാൻ ചെറിയ സഹായമല്ല കേസരി ചെയ്തത്. ഒട്ടേറെ യൂറോപ്യൻ ചെറുകഥകൾ വിവർത്തനം ചെയ്തും കേസരി മാതൃക കാണിച്ചു. ജീവൽ സാഹിത്യ പ്രസ്ഥനവും പുരോഗമന സാഹിത്യപ്രസ്ഥാനവും സാഹിത്യത്തിന് പുതിയ ലക്ഷ്യബോധം പകരുകയും ചെയ്തു. ഈ പരിവർത്തന ദശയിൽ ഉയർന്നു വന്ന അഞ്ചു കഥാകൃത്തുക്കൾ മലയാള കഥയുടെ സുവർണ്ണയുഗത്തിന്റെ സ്രഷ്ടാക്കളായി മാറി. എസ്. കെ. പൊറ്റക്കാട്ട്, പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി എന്നിവരാണവർ.

സുവർണ്ണകാലം
പൊൻകുന്നം വർക്കി, എസ്. കെ. പൊറ്റക്കാട്ട്, കേശവദേവ്, തകഴി, ബഷീർ എന്നീ അഞ്ചു പേരും ലളിതാംബിക അന്തർജ്ജനം, കാരൂർ നീലകണ്ഠപ്പിള്ള, ഉറൂബ് (പി. സി. കുട്ടികൃഷ്ണൻ), കെ. സരസ്വതിയമ്മ തുടങ്ങിയവരും ചേർന്നാണ് 1930- കൾക്കു ശേഷം മലയാള കഥയിലെ സുവർണ്ണയുഗം സൃഷ്ടിച്ചത്. റിയലിസത്തിന്റെ സന്ദേശമാണ് അവർ ഉയർത്തിയത്. അദ്ഭുതരസവും പരിണാമ ഗുപ്തിയും തൊലിപ്പുറമേയുള്ള ഫലിതവും നിറഞ്ഞ ആദ്യകാല കഥകളിൽ നിന്നുള്ള വമ്പൻ കുതിച്ചു ചാട്ടമാണ് ഈ തലമുറ നിർവഹിച്ചത്.

ദരിദ്രമനുഷ്യരുടെ ജീവിതവും അവർ നേരിടുന്ന ചൂഷണങ്ങളും രാഷ്ട്രീയസമരവും അധികാര വിമർശനവും ഈ കഥാകൃത്തുക്കളുടെ പ്രമേയമായി. വർക്കിയുടെ മന്ത്രിക്കെട്ട്, അന്തോണീ നീയുമച്ചനായോടാ, ശബ്ദിക്കുന്ന കലപ്പ, തകഴിയുടെ വെള്ളപ്പൊക്കത്തിൽ, കേശവദേവിന്റെ ഗുസ്തി, കുൾഡ്രിങ്ക്, പ്രതിജ്ഞ, ബഷീറിന്റെ നീലവെളിച്ചം, ജന്മദിനം, ടൈഗർ, പൊറ്റക്കാട്ടിന്റെ ഒട്ടകം, ഏഴിലംപാല, കാട്ടുചെമ്പകം, നിശാഗന്ധി, കാരൂരിന്റെ മരപ്പാവകൾ, പൂവമ്പഴം, അരഞ്ഞാണം, ഉറൂപ്പാന്റെ കിണർ, മോതിരം, പിശാചിന്റെ കുപ്പായം, അന്തർജനത്തിന്റെ മാണിക്കൻ, പ്രതികാരദേവത, സരസ്വതിയമ്മയുടെ പെൺബുദ്ധി, ചോലമരങ്ങൾ തുടങ്ങിയ എത്രയോ കഥകൾ ആ സുവർണ്ണഘട്ടത്തിന്റെ സ്മാരകങ്ങളായി നിലനിൽക്കുന്നു.

ഒട്ടേറെ പുതിയ എഴുത്തുകാർ 1940-കളിൽ ചെറുകഥാരംഗത്തെ വികസ്വരമാക്കി. പുളിമാന പരമേശ്വരപിള്ള, നാഗവള്ളി ആർ. എസ്. കുറുപ്പ്, വെട്ടൂർ രാമൻ നായർ, പോഞ്ഞിക്കര റാഫി, ടി. കെ. സി. വടുതല തുടങ്ങിയവർ ഈ കാലഘട്ടത്തിൽ ശ്രദ്ധേയരായിത്തീർന്നു. മുട്ടത്തു വർക്കി, വൈക്കം ചന്ദ്രശേഖരൻ നായർ, ചെറുകാട്, ഐ. കെ. കെ. എം., എം. പരമേശ്വരൻ നായർ, പെരുന്ന തോമസ്, എൻ. ഗോവിന്ദൻകുട്ടി, ടാറ്റാപുരം സുകുമാരൻ, ബി. മാധവമേനോൻ, ഡി. എം. പൊറ്റെക്കാട്ട്, സി. അച്യുതക്കുറുപ്പ്, എസ്. കെ. ആർ. കമ്മത്ത്, ഇ. എം. കോവൂർ, എം. എൻ. ഗോവിന്ദൻ നായർ, വേളൂർ കൃഷ്ണൻ കുട്ടി, പി. കെ. രാജരാജവർമ, ആനന്ദക്കുട്ടൻ, എൻ. പി. ചെല്ലപ്പൻ നായർ, പി. സി. കോരുത്, വി. ടി. നന്ദകുമാർ, സരളാരാമവർമ, എസ്. കെ. മാരാർ തുടങ്ങി ഒട്ടേറെ കഥയെഴുത്തുകാർ 1940 കൾക്കു ശേഷം ഉയർന്നു വന്നവരാണ്.

മൂന്നാം ഘട്ടം
1950-കൾ മുതൽ ചെറുകഥ അന്നുവരെയുള്ളതിൽ നിന്നു വ്യത്യസ്തമായ വഴിയിൽ സഞ്ചരിക്കാൻ തുടങ്ങി. സാഹിത്യരൂപമെന്ന നിലയിൽ ചെറുകഥ ഏകാഗ്രവും സൂക്ഷ്മവുമായ ശില്പമായിത്തീർന്ന ഈ ഘട്ടത്തിലെ കഥകൾ ആന്തരികാനുഭവങ്ങൾക്കും മനോവൃത്തികൾക്കും പ്രാധാന്യം നൽകി. ബിംബപ്രധാനമായ ആഖ്യാനരീതിയും പ്രാബല്യം നേടി. ഏകാകിയുടെ വേദനകൾ ആവിഷ്കരിക്കുന്ന കഥകളായിരുന്നു ഈ പുതുഭാവുകത്വത്തിലെ ശ്രദ്ധേയമായ രചനകളിൽ പലതും. എം. ടി. വാസുദേവൻ നായരുടെയും ടി. പദ്മനാഭന്റെയും കഥകളാണ് ഈ ഭാവപരിവർത്തനത്തിനു

തുടക്കമിട്ടത്. എം. ടി. യുടെ ബന്ധനം, വളർത്തു മൃഗങ്ങൾ, കുട്ട്യേടത്തി, ഇരുട്ടിന്റെ ആത്മാവ്, പള്ളിവാളും കാൽചിലമ്പും, ഓപ്പോള്, വാരിക്കുഴി, സുകൃതം, അജ്ഞാതന്റെ ഉയരാത്ത സ്മാരകം, വാനപ്രസ്ഥം, ഷെർലക് തുടങ്ങിയ കഥകൾ അതിപ്രശസ്തമാണ്. കടയനെല്ലൂരിലെ ഒരു സ്ത്രീ, കാലഭൈരവൻ, പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, മഖൻസിങ്ങിന്റെ മരണം, ഭയം, ഹാരിസൺ സായ്‌വിന്റെ നായ, ശേഖൂട്ടി, ഗോട്ടി, ഗൗരി തുടങ്ങിയ ഒട്ടേറെ പ്രശസ്ത കഥകളുടെ കർത്താവാണ് ടി. പദ്മനാഭൻ.

എൻ. പി. മുഹമ്മദ്, കെ. ടി മുഹമ്മദ്, പി. എ. മുഹമ്മദ് കോയ, സി. രാധാകൃഷ്ണൻ, കോവിലൻ, പാറപ്പുറത്ത്, ജി. എൻ. പണിക്കർ, തുളസി, നന്തനാർ, വിനയൻ, ജി. വിവേകാനന്ദൻ, ഉണ്ണികൃഷ്ണൻ പുത്തൂർ തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾകൂടി ചേർന്നതാണ് മൂന്നാംഘട്ടം.

ആധുനികത

ആധുനികതയുടെ കാലമാണ് ചെറുകഥയിലെ നാലാം ഘട്ടം. നഗരകേന്ദ്രിതമായ ആധുനിക സമൂഹത്തിൽ മാനുഷിക മൂല്യങ്ങളും മനുഷ്യസ്തിത്വവും നേരിട്ട പ്രതിസന്ധികളും ജീവിതത്തിനുണ്ടായ അന്യവത്കരണവും ഏകാന്തതാബോധവുമൊക്കെയായിരുന്നു ആധുനികരുടെ വിഷയങ്ങൾ. ഒ. വി. വിജയൻ, മാധവിക്കുട്ടി, എം. പി. നാരായണപിള്ള, കാക്കനാടൻ, എം. മുകുന്ദൻ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, വി. കെ. എൻ., ടി. ആർ., കെ. പി. നിർമൽ കുമാർ, മേതിൽ രാധാകൃഷ്ണൻ, എം. സുകുമാരൻ, പി. കെ. നാണു, യു. പി. ജയരാജ്, സി. ആർ. പരമേശ്വരൻ, സക്കറിയ, സി. വി. ശ്രീരാമൻ, പി. വത്സല, എസ്. വി. വേണുഗോപൻ നായർ, വൈശാഖൻ, മുണ്ടൂർ കൃഷ്ണൻ കുട്ടി, തുടങ്ങിയ ഒട്ടേറെപ്പേരുൾപ്പെടുന്നതാണ് ആധുനികതയുടെ തലമുറ. ഒ. വി. വിജയന്റെ എണ്ണ, അരിമ്പാറ, കടൽത്തീരത്ത്, കാറ്റു പറഞ്ഞ കഥ, മാധവിക്കുട്ടിയുടെ പക്ഷിയുടെ മണം, നാവിക വേഷം ധരിച്ച കുട്ടി, പരുന്തുകൾ, നെയ്പ്പായസം, കാക്കനാടന്റെ ശ്രീചക്രം, നിഷാദസങ്കീർത്തനം, യൂസഫ് സരായിയിലെ വ്യാപാരി, കുഞ്ഞമ്മപ്പാലം, എം. പി. നാരായണപിള്ളയുടെ ജോർജ്ജ് ആറാമന്റെ കോടതി, മുരുകൻ എന്ന പാമ്പാട്ടി, എം. മുകുന്ദന്റെ രാധ രാധമാത്രം, അഞ്ചര വയസ്സുള്ള കുട്ടി, ദൽഹി 1981 തുടങ്ങിയ കഥകൾ ആധുനിക ചെറുകഥയുടെ മികച്ച മാതൃകകളാണ്.

ആധുനികതയ്ക്കു ശേഷം

ആധുനികതയുടെ പ്രഭാവ കാലത്തു തന്നെ അതിൽ നിന്നു വ്യത്യസ്തമായി എഴുതാൻ ശ്രമിച്ച ഒരുപറ്റം കഥാകൃത്തുക്കൾ രംഗത്തു വന്നു. വി. പി. ശിവകുമാർ, എൻ. എസ്. മാധവൻ, അയ്മനം ജോൺ, യു. കെ. കുമാരൻ, സി. വി. ബാലകൃഷ്ണൻ, സാറാ ജോസഫ്, എൻ. പ്രഭാകരൻ, അഷ്ടമൂർത്തി, ടി. വി. കൊച്ചു ബാവ, വി. ആർ. സുധീഷ്, അക്ബർ കക്കട്ടിൽ, എം. രാജീവ് കുമാർ, മാനസി, ഇ. വി. ശ്രീധരൻ തുടങ്ങിയവയെല്ലാം ഈ തലമുറയിൽ ഉൾപ്പെടുന്നു. വിശാലാർത്ഥത്തിൽ ആധുനികതയുടെ ഭാഗമാണ് ഈ എഴുത്തുകാരും.

ഉത്തരാധുനികത

1990- കൾ മുതൽ ആവിർഭവിച്ച ഭാവുകത്വത്തെയാണ് ഉത്തരാധുനികതയെന്ന വിശേഷിപ്പിക്കുന്നത്. കഴിഞ്ഞ തലമുറയിൽപ്പെട്ടവരും ഈ പുതുഭാവുകത്വ രീതി സ്വാംശീകരിച്ച കഴിഞ്ഞിട്ടുണ്ട്. തോമസ് ജോസഫ്, വി. വിനയകുമാർ, അശോകൻ ചരുവിൽ, സുഭാഷ് ചന്ദ്രൻ, സന്തോഷ് ഏച്ചിക്കാനം, ബി. മുരളി, ഉണ്ണി ആർ. തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾ ഉൾ പ്പെടുന്നതാണ് ചെറുകഥയുടെ ഈ വർത്തമാനകാല തലമുറ.

# എന്റെ വിദ്യ

കാലം ഓടിയകലുന്ന നാളുകളിൽ
ഞാനുമെൻ സുഹൃത്തും
പടിയിറങ്ങേണ്ടി വന്നു
കാലത്തിനൊപ്പം കാത്തുവച്ച
നാളിനിയന്യം ബാക്കി
എത്രയെത്ര സന്തോഷ വേളകളൊരു നാളിൽ
ദുഖത്തിൽ പേമാരി കണക്കെ പെയ്തു
കാലത്തിൻ തുടക്കാൻ പറ്റാത്ത
മനസിലെന്നെന്നും വിദ്യാലയം
താങ്ങിനിൽക്കുന്നു
കാലം പിച്ചവച്ച നാളുകളും
എത്ര പ്രതീക്ഷകളുമൊക്കെയായി
വിദ്യാഭ്യാസ സുഹൃത്ത് ജീവിതം
പിരിഞ്ഞു പോയ്.




ഫാത്തിമ.ബി

9th B

# മരണം




മരണമില്ലാ മരണം
ജനനമാണീ മരണം
മരണമാണു ജനനം
പരലോകത്തിലാണീ ജനനം
ജീവന്റെ ആദ്യ താളത്തിൽ തന്നെ
മരണത്തിന്റെ ആദ്യ മണിയും
വളർന്നീടുന്നോരോ നിലവിലും
മരണത്തിലേക്കുള്ള യാത്രയാണ്
എത്ര മറന്നിരുന്നാലും
വന്നുമാറീടും മരണം
യൗവ്വനത്തിനു ക്രൂരനാണു മരണം
വാർദ്ധക്യത്തിൽ തണലാണു മരണം
നേരമില്ലാ കാലമില്ലാ മരണം.
പ്രായമില്ലാ ഭേതഗതിയില്ലാ മരണം
മരണമില്ലാ ഈ മണ്ണിലെങ്കിൽ
ജനനമില്ലാ പരലോകത്തിൽ.

ഹിബാഫാത്തിമ.ടി.പി
9th B

ആസ്വാദനക്കുറിപ്പ്

# ആടു ജീവിതം





ബെന്യാമിൻ

രമണനുശേഷം മലയാളസാഹിത്യത്തിലെ നാഴികക്കല്ലായ ആടുജീവിതം എന്ന കൃതി പ്രശസ്തനായ നോവലിസ്റ്റും കഥാകൃത്തുമായ ബെന്യാമിന്റേതായിരുന്നു. മരുഭൂമിയിലുണ്ടായിരുന്ന നജീബും ഹക്കിമും ദാഹിച്ചുമരിച്ച അവസ്ഥയെ കഥാകൃത്ത് ഇതിൽ വ്യക്തമാക്കുന്നുണ്ട്. അറേബ്യൻ ദേശങ്ങളിൽജീവിക്കുന്ന പാവപ്പെട്ട മലയാളികളുടെ അടിമജീവിതം അടയാളമാക്കി ബെന്യാമിൻ സൂചിപ്പിക്കുന്നു. ആടുജീവിതം എന്ന കൃതി നൂറ്പതിപ്പുകൾ പിന്നിട്ടു. പുതിയ തലമുറയെ അനാവരണം ചെയ്തു കേരളീയന്റെ ജീവിതം ബുദ്ധിമുട്ടുണ്ടാക്കുന്നു. ആസ്വാദനത്തിന്റെ വിവിധരായ മനുഷ്യ-ർ ഇതിനെ സ്വാഗതം ചെയ്തു. ഇരുവരും ഗൾഫ് എന്ന ചിന്തയിൽ മരുഭൂമിയെ ആടിന്റെ ജീവിതവുമായി സാദൃശ്യപ്പെടുത്തിയിരുന്നു. ഇവർ

മരുഭൂമിയിലെ അറബിയുടെ ചൂഷണവും അക്രമവും എതിരേറ്റുനിന്നു. ശുദ്ധജലം ലഭിക്കാതെ തന്റെ അന്ത്യത്തിൽ സന്തോഷത്തോടെ നേരിടുന്നു. അവസാനം ആടിനെപോലെ തന്റെ ശരീരത്തെ താരതമ്യം ചെയ്യുന്നു. കേരളസാഹിത്യ അക്കാദമി അവാർഡ് ലഭിച്ച ഈ നോവൽ നിരവധി ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട നോവലായി മാറി.

സായന്ത്.കെ.പി

9th B


കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച നോവൽ
ആടുജീവിതം
ബെന്യാമിൻ
നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം
നമുക്ക് വെറും കെട്ടുകഥകൾ മാത്രമാണ്

# ഹൈടെക് വിദ്യാലയം ,പഞ്ചായത്ത് തല പ്രഖ്യാപനം

## കുറുമാത്തൂർ പഞ്ചാത്ത്






# എന്റെ വിദ്യ

കാലം ഓടിയകലുന്ന നാളുകളിൽ

ഞാനുമെൻ സുഹൃത്തും

പടിയിറങ്ങേണ്ടി വന്നു

കാലത്തിനൊപ്പം കാത്തുവച്ച

നാളിനിയന്യം ബാക്കി

എത്രയെത്ര സന്തോഷ വേളകളൊരു നാളിൽ

ദുഖത്തിൽ പേമാരി കണക്കെ പെയ്തു

കാലത്തിൻ തുടക്കാൻ പറ്റാത്ത

മനസിലെന്നെന്നും വിദ്യാലയം

താങ്ങിനിൽക്കുന്നു

കാലം പിച്ചവച്ച നാളുകളും

എത്ര പ്രതീക്ഷകളുമൊക്കെയായി

വിദ്യാഭ്യാസ സുഹൃത്ത് ജീവിതം

പിരിഞ്ഞു പോയ്.




ഫാത്തിമ.ബി

9th B

# ജീവിതം





വർണ്ണം വിതറുമീ ഊഷ്മള ഭൂമിയിൽ
മണ്ണിനും പെണ്ണിനും പണത്തിനും
വേണ്ടിനി
കൈമുതലാക്കിയ കൊള്ളക്കൊലപാതകം
പീഢനവും
മനുഷ്യാ നീ ഒരു വേള ചിന്തിച്ച നിൽക്കു
അതിവേഗമോട്ടം നിൻ ജീവിതയാത്രയിൽ
നിഴലായ് നിൻ കൂടെ നടക്കും മറ്റൊരാളെ
നീ കണ്ടുവോ?
നീ നേടിയതെല്ലാം ഊഷ്മമാം ഈ
ഭൂമിയിലിട്ടു പോകാൻ
നിഴലായ് നിന്ന നിൻ കൂട്ടുകാർ മരണമായ്
നിന്നിൽ അലിഞ്ഞുചേരും
വർണ്ണം വിതറുമീ ഊഷ്മള ഭൂമിയിൽ
അതിവേഗമോട്ടം നിൻ ജീവിതയാത്രയിൽ
ഒരു വേള നൽകും സുഖത്തിനു വേണ്ടി
വാണിഭ ലോകം നിൻ കൂട്ടുകാരനാകുമ്പോൾ.

ബിസ്മിന.പി


# ചാൾസ് ഡാർവിൻ

പ്രകൃതി നിർധാരണം വഴിയുള്ള ജീവിവർഗ ഉൽപത്തി എന്ന വിഖ്യാത ഗ്രന്ഥത്തിലൂടെ പ്രകൃതിനിർധാരണ സിദ്ധാന്തം ലോകത്തിനു മുന്നിൽ അവതരിപ്പിച്ചത്. നിലനിന്നിരുന്ന സങ്കൽപ്പങ്ങളെ മാറ്റിമറിച്ച ഈ സിദ്ധാന്തം സമൂഹത്തിൽ ചർച്ചകൾക്കും വിവാദങ്ങൾക്കും കാരണമായെങ്കിലും ശാസ്ത്രലോകകത്ത് വൻ സ്വീകാരികത നേടി.



# ആ തീവണ്ടിയാത്രയ്ക്കിടയിൽ

ആ സ്റ്റേഷനിൽ വീണ്ടും തീവണ്ടിയെത്തിയപ്പോൾ ആ ചൂളം വിളി അയാളെ വിളിച്ചുണർത്തി. ഞെട്ടിയുണർന്ന അയാൾ തീവണ്ടിയിൽ നിന്നും വെളിയിലേക്ക് നോക്കി. തനിക്കിറങ്ങേണ്ട സ്റ്റേഷൻ



എത്തിയില്ലെന്നറിഞ്ഞപ്പോൾ അക്ഷമയുടെ നിഴൽക്കാറ്റ് അയാളെ തഴുകി. ഈ നാട്ടിലേക്ക് ഒരു തിരിച്ചുവരവ് ഒരിക്കലും പ്രതീക്ഷിച്ചതല്ല.

പക്ഷേ സാഹചര്യം തന്നെ ഇവിടെ എത്തിച്ചു.കഴിഞ്ഞാഴ്ച്ചയാണ് ആ കത്ത് തന്നെ തേടിയെത്തിയത്.എന്തിനാണത് തന്നെ തേടി വന്നത്? അറിയില്ല.എങ്കിലും അതിന്റെ പൊരുളറിയാൻ ഇറങ്ങിത്തി-രിച്ചെന്ന് മാത്രം.ജീവിതത്തിൽ എല്ലാം നഷ്ടപ്പെട്ടവനാണ് താൻ.അ-കൊണ്ടു തന്നെ ഈ സമയം നഷ്ടപ്പെടുത്തുന്നതിലും വലിയ അർത്ഥ-മൊന്നുമില്ല.പണ്ട് ഇതുപോലൊരു തീവണ്ടിയാത്രയ്ക്കിടയിലാണ് അത് സംഭവിച്ചത്.ജീവിതത്തിൽ ആരോരുമില്ലാതെ അനാഥനായത്.അ-ന്നാണ് അമ്മയെയും അനുജനെയും നഷ്ടപ്പെട്ടത്.അനുജനെയും കുട്ടി-

സ്റ്റേഷനിൽ വെള്ളം വാങ്ങാനിറങ്ങിയതായിരുന്നു അമ്മ.എന്നാൽ തിരിച്ചു കയറുന്നതിനു മുൻപ് വണ്ടി ഓടിത്തുടങ്ങി.വണ്ടിയുടെ ഇരമ്പൽ ഒരു ഗർജനം പോലെ കാതിൽ വന്നു പതിച്ചു.രണ്ട് സ്റ്റേഷൻ കഴിയും വരെ കരഞ്ഞ് വിറങ്ങലിച്ചിരുന്ന തന്നെ ഇങ്ങനെയാക്കിതീർത്തത് ഒരു വലിയ മനുഷ്യനാണ്.എന്നാൽ ഉയർച്ച കാണും മുമ്പ് അയാളും തന്നെ വിട്ടുപിരിഞ്ഞു.അങ്ങനെ ഗത്യന്തമില്ലാതെ അലഞ്ഞ തനിക്കൊരാശ്വാസമായാണ് കത്ത് തന്നെ തേടിയെത്തിയത്.അത് സത്യമോ മിഥ്യയോ എന്നറിയില്ല, എങ്കിലും ഒരു യാത്ര, തന്റെ അമ്മ-
യാരെന്നറിയാൻ തീവണ്ടിയുടെ ചൂളം വിളിക്കൊപ്പം അക്ഷമനായി അയാളും സഞ്ചരിക്കുന്നു തനിക്കിറങ്ങാനൊരിടം തേടി....

ആദിത്യ.ഇ.എം

9th B



# ജെയിംസ് ആലിസൺ

ജെയിംസ് പാട്രിക് ആലിസൺ ഒരു അമേരിക്കൻ ഇമ്മ്യൂണോളജിസ്റ്റും നോബേൽ പുരസ്ക്കാരജേതാവും യൂണിവേഴ്സിറ്റി ഓഫ് ടെക്സാസിലെ എംഡി ആൻഡേഴ്സൺ കാൻസർ സെന്ററിലെ ഇമ്മ്യൂണോതെറാപ്പി പ്ലാറ്റ്ഫോമിലെ എക്സിക്യൂട്ടീവ് ഡയറക്ടറും ചെയർ ഓഫ് ഇമ്മ്യൂണോളജിയുമാണ് അദ്ദേഹത്തിന്റെ കണ്ടുപിടിത്തങ്ങൾപുതിയകാൻസർചികിൽസകൾക്ക്വഴിയൊരുക്കി.കാൻസർറിസർച്ച്ഇൻസ്റ്ററിറ്റ്യൂട്ട്സൈന്റിഫിക്ക്അഡ്വൈസറികൗൺസിലിന്റെഡയറക്ടർകൂടിയാണദ്ദേഹം.ട്യൂമർഇമ്മ്യൂണോതെറാപ്പിക്കുവേണ്ടിടിസെൽഡെവലപ്മെന്റും.അതിന്റെആക്ടിവേഷണെക്കുറിച്ചുള്ളമെക്കാനിസത്തിൽജെയിംസ്ശ്രദ്ധകേന്ദ്രീകരിച്ചിരുന്നു.അദ്ദേഹംതന്നെയാണ്ടി-സെൽആന്റിജെൻ റിസപ്റ്റർ കോംപ്ലക്സ് പ്രോട്ടീനെ വേർതിരിച്ച ആദ്യത്തെ വ്യക്തി.

# ജലസംഘർഷങ്ങൾ

കുറയുന്ന മഴയും ജാഗ്രതയില്ലാത്ത ജലവിനിയോഗവും ജലസംരക്ഷണത്തോടുള്ള വിമുഖതയും നമ്മെ എത്തിച്ചിരിക്കുന്നത് വലിയ ജലസമ്മർദ്ദത്തിലേക്കാണ്. മൺസൂൺ കഴിഞ്ഞുള്ള ആറുമാസക്കാലം നമുക്ക് 30,000 ദശലക്ഷം ഘനമീറ്റർ ഉപയോഗമുണ്ടെന്നിരിക്കെ ആ സമയത്ത് ലഭ്യമാകുന്ന ജലം വെറും 17,000 ദശലക്ഷം ഘനമീറ്റർ മാത്രമാണ്.വ്യാപകമായ ജലമലിനീകരണം ജലലഭ്യതയെ വീണ്ടും ഗണ്യമായി കുറയ്ക്കുന്നു.രൂക്ഷമായ ഈ അവസ്ഥ പ്രാദേശികമായിപ്പോലുമുള്ള ജലസംഘർഷങ്ങൾക്ക് കാരണമാകുന്നു.

# മഴക്കാലസ്വപ്നം

വീടിന്റെനാഗപ്പാത്തിയിൽക്കൂടിയുള്ളജലത്തിന്റെഇരമ്പൽ.അപ്പുക്കുട്ട
ൻ പുതപ്പ് വലിച്ച്  പുതക്കുന്നു.അടുക്കളയിൽ നിന്ന് നീണ്ടൊരു
വിളി.”അപ്പൂ നീ എഴുന്നേൽക്കുന്നില്ലേ....”ശബ്ദം അമ്മയുടേത് തന്നെ.
അപ്പു പുതപ്പ്കൊണ്ട് മുഖമാകെ മൂടി.ഇന്നലെമുതൽ നല്ല മഴയാണ്.
കാക്കാത്തിപ്പുഴ നിറഞ്ഞൊഴുകാൻ പോകുന്നു എന്ന അച്ഛന്റെ ശബ്ദം
കേട്ട് അപ്പുക്കുട്ടൻ ഒന്ന്ശ്രദ്ധിച്ചു.പെട്ടന്നാണ്ചേച്ചിയുടെ ആഹ്ലാദപ്ര-
കടനം.ചേച്ചി അപ്പുവിന്റെ അടുത്ത് ഓടിച്ചെന്നു.അപ്പൂ...ഇന്ന് സ്കൂളില്ല.
നീ അറിഞ്ഞോ? പാതിമയക്കത്തിൽ നിന്ന് അപ്പു ഉണർന്നു.ടി
വിയുടെ
അരികിലേക്കോടി.വാർത്ത സത്യം തന്നെ.അവന് സന്തോഷം
അട-ക്കാൻ കഴിഞ്ഞില്ല.മഴയുടെ തീവ്രത വർദ്ധിച്ചു വന്നു.അച്ഛൻ
ഇപ്പോ-
ഴും വാർത്ത കേട്ടുകൊണ്ടിരിക്കുകയാണ്.അവനും ടിവിയുടെ മുന്നിലി-
രുന്നു.ഇങ്ങനെ പോയാൽ കാക്കാത്തിപ്പുഴ നമ്മളെ വിഴുങ്ങും,അപ്പുവി-
ന്റെ മനസിൽ ഈ മറുപടി ഭീതിയുണർത്തി.അപ്പു ആശങ്കയോടെ
ചോദിച്ചു.അച്ഛാ നമുക്ക കാക്കാത്തിപ്പുഴ കാണാൻ പോയാലോ?അപ്പു
അച്ഛനെ നിർബന്ധിച്ച്കൊണ്ടിരുന്നു.ഒടുവിൽ അച്ഛന് സമ്മതിക്കേ-
ണ്ടി വന്നു.അപ്പു തന്റെ പുള്ളിക്കുടയുമായി അച്ഛനോടൊപ്പം
നടന്നു.പുഴ

കരകവിഞ്ഞൊഴുകാൻ തുടങ്ങിയിരുന്നു.പുഴ കടലായ്

മാറിയിരിക്കുന്നു.

അവർ ആ കാഴ്ച്ചയെ പേടിയോടെ നോക്കി നിന്നു.അപ്പോഴാണ്

അ-

ത് അപ്പുവിന്റെ ശ്രദ്ധയിൽ പെട്ടത്.ഒരു കുഞ്ഞിക്കിളി പുഴയുടെ ഒഴുക്കി

ൽപ്പെട്ടിരിക്കുന്നു.അപ്പു അതിനെ രക്ഷിക്കാനായി തന്റെ കരങ്ങൾ ആ

കുഞ്ഞിക്കിളിയുടെ നേരെ നീട്ടിക്കൊണ്ട്

വെള്ളത്തിലേക്കിറങ്ങുന്നു.എ-

ന്നാൽ അപ്പു അത് ശ്രദ്ധിച്ചിരുന്നില്ല, വെള്ളത്തിന്റെ ഒഴുക്ക് കൂടിവ-

രികയാണ്.തന്റെ കരങ്ങൾ നീട്ടിവലിച്ച് കൊണ്ട് ആ കിളിയെ പിടി-

ക്കാൻ ശ്രമിക്കുമ്പോഴാണ് പെട്ടന്ന് അത് സംഭവിച്ചത്.കാൽ ഇടറി

പുഴയുടെ അതിശക്തമായ ഒഴുക്കിൽ അപ്പു

പെട്ട്പോയിരിക്കുന്നു.അച്ഛ-

ൻ തന്റെ കൈകളെ എത്തിപ്പിടിക്കാൻ ശ്രമിക്കുന്നു.അപ്പോഴേക്കും

അപ്പു ആഴങ്ങളിലേക്ക് മുങ്ങിപ്പൊയ്ക്കൊണ്ടിരിക്കുന്നു.പെട്ടന്ന് കണ്ണുകൾ

തുറന്നു.അപ്പോഴാണ് അടുക്കളയിൽ നിന്ന് നീണ്ടൊരു വിളി, അപ്പൂ....

നീ എഴുന്നേൽക്കുന്നില്ലേ...

ദേവന.സി.വി

**9th B**

# മനുഷ്യൻ ഭൂമിയുടെ ഭാരം

മനുഷ്യൻമാരുടെ നല്ല പ്രവർത്തികൾ

ആരും അറിഞ്ഞില്ല.

കുടിവെള്ളത്തിൽ മായം കലർത്തി അവർ

പണം സംമ്പാദിച്ചു.

പാവപ്പെട്ടവന്റെ പണം തട്ടിയെടുത്ത്

വീട്ടിൽ പതുക്കിവച്ചു.

കുന്നുകൾ ഇടിച്ചും വയൽ നികത്തിയും


പണം സമ്പാദിച്ചു.

മഴ വന്നു കൂടെ പ്രളയമെത്തി.

എല്ലാം കടൽ കൊണ്ടുപോയി.

മാനവർ ചെയ്യുന്ന പ്രവർത്തിയുടെ

ഫലം അവൻ തന്നെ അനുഭവിക്കും.





# നൂറ്റാണ്ടിന്റെ സാങ്കേതിക വിദ്യ

കമ്പ്യൂട്ടർശൃംഗലയുടെ
മഹാശൃഗലയായ ഇന്റർനെറ്റ് വെളിച്ചവും വെ-
ള്ളവും പോലെയൊരു ആവശ്യ സേവനമായി
മാറിയിരുന്നു.കൈവെ-
ള്ളയിൽ ഒതുങ്ങുന്ന ജനതാ കമ്പ്യൂട്ടറുകളായ
മൊബൈൽഫോണുകൾ
ഇന്റർനെറ്റിനെ കൂടെ സന്നിവേശിപ്പിച്ചതോടെ ഇന്റർനെറ്റിന്റെ
ജനകീയവൽക്കരണം പൂർണ്ണമായിക്കഴിഞ്ഞു.ഒരു കാലത്ത്
പൊളിറ്റി
ക്കൽ കണക്ഷൻ ഉള്ളവർക്ക് ലഭ്യമാകുന്ന അവസ്ഥവന്നു കഴിഞ്ഞു.
കമ്പ്യൂട്ടറുകളുടെ ശൃംഗല എന്നാണ് ഇന്റർനെറ്റിനെ
പരാമർശിക്കുന്ന-
തെങ്കിലും അത് യഥാർത്ഥത്തിൽ ജനങ്ങളുടെ ശൃംഗലയാണ്.ഓരോ
കമ്പ്യൂട്ടറിനു മുന്നിലും ഒരു വ്യക്തി ഇരിക്കുന്നുണ്ടാവുമല്ലോ?
അയാളുടെ
ചിന്തകളും വിനിമയങ്ങളുമാണ്  അയാൾക്കുമുന്നിലുള്ള കമ്പ്യൂട്ടറിനെ
പ്രസക്തമാക്കുന്നത്.എന്നാലിപ്പോൾ ഈ ശൃംഗലയിൽ
മനുഷ്യന്പുറമെ അവൻ ഉപയോഗിക്കുമ്പോൾ ആശ്രയിക്കുന്ന സാധ

നങ്ങളും സംവിധാനങ്ങളും സേവനങ്ങളും കൂടി കൂട്ടിയിണക്കുന്ന അവസ്ഥ വന്നുകഴിഞ്ഞു.

എന്തായിരിക്കും IOT ശൃംഗലയിൽ കണ്ണിചേര്ന്നത്? വീട്ടിനുള്ളിലെ വൈദ്യുതിവിളക്കുകൾ, ഫാനുകൾ, ടെലിവിഷൻ, ജനാലകൾ, ഇവയെല്ലാം ഇന്റർനെറ്റ് ബന്ധമുള്ളവയായ് മാറും.കാറുകൾ മുഴുവൻ ഐ.ഒ.ടി ബന്ധിതമായിക്കഴിഞ്ഞാൽ സാധ്യമാകുന്ന ഒന്നാണ് ആട്ടണോമസ് കാറ്കൾ.അവയ്ക്ക് ഡ്രൈവർ ആവശ്യമില്ല.ഗൂഗിൾ കാറുകൾ ഇവയിൽ പെടുന്നവയാണ്.അവ പരീക്ഷിച്ചുകഴിഞ്ഞിരിക്കുന്നു. കമ്പ്യൂട്ടറുകൾ ശൃംഗലയാവുന്നതുപോലെ ലാഘവമല്ല ഐ.ഒ.ടി ശൃംഘല.സാധനസാമഗ്രികളെ ബന്ധിപ്പിക്കുമ്പോൾ അവ ഡിജിറ്റൽ ഉപകരണങ്ങളല്ല എന്ന അവസ്ഥ വരാം. സെൻസർ സംവിധാനങ്ങളെ അവ ലഭ്യമാക്കുന്ന വിവരങ്ങൾ ഉപയോഗിച്ച് പ്രവ

ർത്തിക്കുന്ന അനുബന്ധസംവിധാനങ്ങളും ചേരുമ്പോൾ സ്വപ്നതുല്ല്യമാ

യ പുതിയ സേവനങ്ങൾ ലഭ്യമാക്കുന്നതാണ്.സ്മാർട്ട് സിറ്റികളിലെ ഡ്രൈവറില്ലാത്ത കാറുകളും സാധ്യമാകും. കുടിവെള്ളത്തിന്റെ ശുദ്ധത

ഓരോ നിമിഷവും നിരീക്ഷിക്കുവാൻ സാധിക്കും.

21 ആം നൂറ്റാണ്ടിനെ മാറ്റിമറിക്കുന്നസാങ്കേതികവിദ്യ ആണിതെന്ന് നിസ്സംശയം പറയാം. ജീവിത ശൈലിയിൽ

മാറ്റമുണ്ടാവും.ഏകാധിപ-

തികളായ ഭരണകർത്താക്കൾക്ക് സമൂഹത്തെ

കാൽക്കീഴിലാക്കാനു-

ള്ള ശക്തമായ ഉപകരണവും ജനാധിപത്യത്തിൽ ജനനൻമ

ഉറപ്പാക്കാൻ കഴിയുന്ന ഉപകരണവുമായി ഒരേ സമയം നിലനിൽ-

ക്കും






# ഔഷധ സസ്യങ്ങൾ

## കുരുമുളക്

യൂറോപ്പ്യരുടെ കിഴക്കൻരാജ്യങ്ങളിലേക്കുള്ള കപ്പലോട്ടങ്ങൾക്ക് എ-രിവും വാശിയും പകർന്ന സുഗന്ധവ്യഞ്ജനമാണ് കുരുമുളക്.നമ്മുടെ വീട്ടുകളിലെ നിത്യ സാന്നിധ്യമായ കുരുമുളകിന്റെ ഔഷധമൂല്യങ്ങൾ നിരവധിയാണ്. പൈപ്പർ നൈഗ്രം എന്നാണ് കുരുമുളകിന്റെ ശാസ്ത്ര-നാമം.പറ്റുവേരുകൾ പടർത്തിക്കയറുന്ന ഈ ആരോഹിസസ്യത്തി-ന്റെ ഇലകൾ കട്ടിയുള്ളതും വെറ്റിലയുടെ ഇലയോട് സാദൃശ്യമുള്ളതുമാണ്.സന്ധികളിലാണ് തിരികൾ അഥവാഫലസംയുക്തം ഉണ്ടാകുന്നത്.ഇത് പാകമാകുമ്പോൾ ഉണക്കി മണികൾ വേർപെടുത്തിയെടുക്കുന്നു.പൈപ്പെറിറ്റിൽ എന്ന രാസഘടകമാണ് കുരുമുളകിന്റെ ഗുണഹേതു.കടുരസവും തീക്ഷ്ണ വീര്യവുമാണ് കുരുമുളക്.ദഹനരസഗ്രന്ഥികളെ ഉദ്ദീപിപ്പിക്കുവ്നും അണുക്കളെയും കൃമികളെയും നശിപ്പിക്കുവാനും ഇതിനാകും. വൈറസ് ബാധകളെ തടയുവാൻ കുരുമുളകിന് പ്രത്യേകമായ കഴിവുണ്ട്.ചുക്കും കുരുമുളകും ചേർത്ത കരിപ്പെട്ടിക്കാപ്പി ഒരുകാലത്ത് നമ്മുടെ പഴമക്കാർ വൈറൽ പനിക്കെതിരെ ഫലപ്രതമായി ഉപയോഗിച്ചിരുന്നു.



## പനിക്കൂർക്ക

പനിക്കൂർക്ക,പേരു സൂചിപ്പിക്കും പോലെ പനിക്കെതിരെ ഫലപ്രദമാ-
യി ഉപയോഗക്കുന്ന ഒരു പടർസസ്യമാണ്.പൂച്ചട്ടികളിലും വീട്ടുപരിസരത്തും വളരെ വേഗം നട്ടുവളർത്താവുന്ന ഇതൊരു അല-ങ്കാരസസ്യമായും പരിഗണിക്കാവുന്നതാണ്. ക്ളോളിയസ് ആരോമാറ്റിസ് എന്നാണ് പനിക്കൂർക്കയുടെ ശാസ്ത്രനാമം.മാംസളമായ ഈ ദുർബലസസ്യത്തിന് ഇളം പച്ചനിറ-മാണ്.നല്ല ഗന്ധവും ധാരാളം രസം നിറഞ്ഞതുമാണ് ഇലയും തണ്ടും.

നമ്മുടെ നാട്ടുചികിൽസയിലെ ശിശുരോഗസംഹാരിയായിരുന്നു പനി-ക്കൂർക്ക.തണ്ടും ഇലയുമാണ് ഔഷധയോഗ്യ ഭാഗങ്ങൾ.ഇത് ഉപയോ
ഗിക്കുന്നത് മൂലം കുട്ടികളുടെ രോഗപ്രതിരോധ ശേഷിയും ഉറക്കവും വർധിപ്പിക്കാവുന്നതാണ്.



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

PRESENTS






# മഴ സ്ഥിരത കുറയുന്ന കേരളം

1871 മുതൽ 138 വർഷത്തെ മഴ ലഭ്യത പരിശോധിച്ചാൽ ശരാശരി വാർഷിക മഴ ഓരോ വർഷവും 0.97 മി.മീ കുറയുന്നതായികാണാം. ഇക്കാലയളവിൽ കാലവർഷം 161 മി.മീ കുറഞ്ഞു.എന്നാൽ തുലാവർഷം 101 മി മീ തണുപ്പുകാല മഴ 9.9 മി.മീ, വേനൽമഴ 45.4 മിമീ എന്നിങ്ങനെ വർധിച്ചു.2001 മുതലുള്ള 16 വർഷത്തിൽ പത്തു വർഷവും ശരാശരി ലഭിക്കേണ്ട മഴയേക്കൾ കുറവാണ് കേരളത്തിൽ ലഭിച്ചത്.ശരാശരി ലഭിക്കേണ്ട വാർഷിക മഴയേക്കാൾ 38% കുറവാണ് 2016 ൽ ലഭിച്ചത്. മഴയുടെ ദീർഘകാല പ്രവണത പരിശോധിക്കുമ്പോൾ മഴയുടെ വ്യതിയാനം സ്ഥിരതയുള്ളതല്ലെന്ന് കാണാം. ചുരുക്കത്തിൽ, നിർണായക സമയങ്ങളിൽ മഴ കുറയുന്നത് സംസ്ഥാനത്തെ ഗണ്യമായി ബാധിക്കുന്നു.



# സ്വപ്നം

നോവുകളുണങ്ങിടും

കഥകൾ പറയുക നീ..

കാലം ഇരുൾ മാറ്റിടും

നിനക്കീ വിധി നിറയെ

ലോകമീ കൺപീലി

വിടർത്തിനോക്കിടാതെ

ഓടി അണയുക നീ...

നിന്നിലാസ്വപ്നത്തിൽ

പീലികൾക്കിടയിൽ.

# ഓല ശലഭം

ആൺ ശലഭം ചിറകുതുറക്കുമ്പോൾ പുറം കറുപ്പുകലർന്ന ഇരുണ്ട തവിട്ടുനിറമാണ്. ഈ തവിട്ടിൽ പാടല വർണ്ണത്തിളക്കമുണ്ട്.മുൻ ചിറകിൽ നീലയോ നീല കലർന്ന പച്ചയോ നിറത്തിൽ മങ്ങിയ പട്ടയും വരിയായി മൂന്ന് പുള്ളികളും കാണാം. പിൻ ചിറകിൽ വീതിയിൽ ഇളം തവിട്ടുകരയുണ്ട്.ഇതിൽ വെള്ളപ്പുള്ളികൾ കാണാം. പെൺശലഭം, വരയൻ കടുവഎന്നിവയെ അനുഗരിച്ച് വ്യത്യസ്ത നിറഭേതങ്ങളിൽ കാണപ്പെടുന്നു.

# മനുഷ്യ മൃഗം

അമ്മയെന്നാദ്യക്ഷരം ഉരുവിട്ട് തുടങ്ങുമീ
പ്രകാശം തല്ലിക്കെടുത്തിയവൻ
ഓർക്കുക പുസ്തകം ഏന്തേണ്ട കൈകളാണ്
നിങ്ങൾ വെട്ടിക്കളഞ്ഞത്ട
ഒരു പുതിയ തലമുറയ്ക്ക് പ്രകാശം
ഏകേണ്ട ജ്വാലകൾ നിങ്ങൾ അടച്ചത്.
പുതിയ ഒരു തലമുറ മനോഹരമാക്കാൻ
ഇനി ഒരു നീചകനും പിറയ്ക്കാതിരിക്കട്ടെ..

# അനാഥമാക്കപ്പെട്ട ബാല്യങ്ങൾ

പിച്ചവച്ച തുടങ്ങുന്നതിനു മുന്നെ
തെളിവില്ലാ എന്ന് പറഞ്ഞ്
നീ വെറുതെ വിട്ട ദുഷ്ട ജന്മങ്ങൾ
അവർ തല്ലിക്കെടുത്തിയ
കുഞ്ഞുടുപ്പിട്ട കുഞ്ഞുകരങ്ങൾ
അവരുടെ കുഞ്ഞു പ്രതീക്ഷകൾ
ഉത്തരം പറയുവാൻ കഴിയുമോ നിനക്ക്?
നിന്റെ മനസാക്ഷിയോട് തന്നെ.
ഉഗ്രസ്വരൂപിണിയായി മാറാനും
ശാന്തസ്വരൂപിണിയീകാനും
കഴിയുമോരോ പെണ്ണിനും.
അവളുടെ ഓരോ കണ്ണുനീർത്തുള്ളിക്കും
ഈ ലോകം മുഴുവനും
ചാമ്പലാക്കാൻ കഴിയും.
ഇനിയുമിങ്ങനെ അനാഥമാക്കപ്പെട്ട-
ബാല്യങ്ങൾ നീ സൃഷ്ടിക്കാതിരിക്കുക.
തെരുവിൽ നീ പിച്ചിച്ചീന്തവേ
ഇത്തരമൊരു ജീവിതം എന്തിനായ്
സ്ത്രീയെ അടിമയാക്കി.
നീ നിന്റെ ക്രൂര പീഢനങ്ങൾ
നടത്തുമ്പോഴോർക്കുക

# ചിത്ര ശലഭങ്ങൾ

## കരിയില ശലഭം

ചിറകളവ് 60-80 മില്ലീമീറ്റർ.വരണ്ട കാലത്തും നനവാർന്ന കാലത്തും തവിട്ടിന്റെ വ്യത്യസ്ത നിറഭേതങ്ങളിലാണ് ഇവ കാണപ്പെടുന്നത്.പുറം ചിറകുകൾക്ക് കടുത്ത തവിട്ടുനിറമാണ്.മുൻ ചിറകി. കടുത്ത ഓറഞ്ചു നിറവും കലർന്നിരിക്കുന്നു.ചിറകടയ്ക്കുമ്പോൾ വരണ്ട കാലത്ത് നരച്ച കരിയില വർണ്ണത്തിൽ അവ്യക്തമായ കറുത്ത വരകളോ പാടുകളോ കാണാം. നനവാർന്ന കാലത്ത് മണ്ണിന്റെ മഞ്ഞകലർന്ന തവിട്ടുനിറമാണ്.മുൻ പിൻ ചിറകുകളിൽ ആറു മുതൽ എട്ടു വരെ കണ്ണടയാളങ്ങൾ ഇക്കാലത്ത് വ്യക്തമായി കാണാം.

# സ്ററീഫൻ ഹോക്കിങ്ങ്

പ്രൊഫസർ.സ്ററീഫൻ ഹോക്കിങ്ങ് അന്തരിച്ചു.2018 മാർച്ച് 14 ന്. ശാസ്ത്ര ലോകത്ത് പ്രത്യേകിച്ച് പ്രപഞ്ചശാസ്ത്രമേഖലയിൽ ഒരു കുലപതിയുടെ അന്ത്യം അദ്ദേഹം ലോകത്തിലെ ഊർജതന്ത്രജ്ഞന്മാരിൽ അഗ്രകണ്യനായിരുന്നു.ചക്രകസേരയിലായിട്ടും പ്രപഞ്ചത്തിന്റെ ഉത്ഭവത്തെക്കുറിച്ചും ഗതിവിഗതികളെക്കുറിച്ചും ഹോ-ക്കിങ്ങ് നിരന്തരമായി അന്വേഷണങ്ങൾ നടത്തി.പുതിയ സിദ്ധാ-ന്തങ്ങൾ ആവിഷ്ക്കരിച്ചു.കണ്ടെത്തിയ സങ്കീർണ്ണമായ വസ്തുതകൾ ശാസ്ത്രജ്ഞരുമായി പങ്കുവച്ചു.ഇവയെപ്പറ്റി ജനങ്ങളോട് ലളിതമായ ഭാഷയിൽ സംവദിച്ചു ശാരീരിക വെല്ലുവിളികളുള്ളവരുടെ അവകാശങ്ങൾക്കായി ഈ മനുഷ്യസ്നേഹി ശബ്ദമുയർത്തി.സ്വന്തം ശാരീ-രിക പരിമിതികളോട് പടപൊരുതിത്തന്നെ ശാസ്ത്രഗവേഷണത്തിൽ അദ്ദേഹം മുഴുകി.സൈദ്ധാന്തിക ഭൗതികത്തിൽ ഉജ്വലമായ സംഭാവനകൾ നൽകി.സ്വന്തം അഭിപ്രായങ്ങൾ അദ്ദേഹം വെട്ടിത്തുറന്ന് പറ്ഞ്ഞു.വത്തിക്കാൻ സന്ദർശനത്തിനായി ക്ഷണിക്കപ്പെട്ടപ്പോൾ ഗലീലീയോ,ബ്രൂണോ എന്നിവരോട് സഭ ചെയ്ത തെറ്റുകൾ തിരുത്തിയാൽ സന്ദർശിക്കാമെന്ന് നിലപാടെടുത്തത് ശാസ്ത്രലോകത്തിന്റെ അഭിമാനമായിമാറി.ആൽബർട്ട് ഐൻസ്-റ്റൈന് ശേഷം ലോകത്താകമാനമുള്ള ജനങ്ങൾ ഇത്രയേറെ ബഹു

മാനിക്കുകയും ചെയ്ത മറ്റൊരു ശാസ്ത്രജ്ഞൻ ഉണ്ടായിരുന്നില്ല.ജീവിതത്തിൽ ഉടനീളം യുദ്ധവിരുദ്ധ നിലപാടെടുത്ത മനുഷ്യസ്നേഹിയായ ഈ അതുല്യപ്രതിഭയുടെ വിയോഗത്തിൽ ശാസ്ത്രകേരളം ദുഖംരേഖപ്പെടുത്തുന്നു.

# ആഹാരങ്ങളിലെ മായങ്ങൾ

## അരി

അരി, ഗോതമ്പ് എന്നിവയിൽ മായം ചേർക്കലിന്റെ ഭാഗമായി ഡി.ഡി.ടി,ആർസനിക്ക് തുടങ്ങിയവ കടന്നുകൂടുന്നു.ഇത് വിവിധ തരം ക്യാൻസറുകൾ, രക്തസംബന്ധമായ രോഗങ്ങൾ, തളർവാദം എന്നിവ ഉണ്ടാക്കുവാൻ ശേഷിയുള്ളവയാണ്.

## ഉപ്പ്

ഉപ്പിൽ അയഡിൻ കലർത്തുന്നത് പൊട്ടാസ്യം അയോഡൈഡ് ചേർത്താണ്.എന്നാൽ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതുമൂലവും അന്തരീക്ഷവായുവുമായുള്ള സമ്പർക്കത്താലും ഓക്സീകരണം നടക്കുന്നു.ഫലമോ,പൊട്ടാസ്യം അയോസൈഡ്,പൊട്ടാസ്യം അയോഡേറ്റ് എന്ന തൈറോയിഡ് ഗ്രന്ഥിക്ക് കേടുവരുത്തുന്ന മറ്റൊരു രാസസംയുക്തമായി മാറുന്നു.

## മുളക് പൊടി

തുണികളിൽ നിറം പിടിക്കുന്നതിനുള്ള ടെക്സ്റ്റൈൽ ഡൈയും ചേർത്ത് ആകർഷകമായ ചുവന്നനിറം നൽകുന്നു. തൂക്കം വർധിക്കുവാനായി ഇഷ്ടികപ്പൊടിയും ,പലവ്യഞ്ജനങ്ങളിൽ ചേർക്കുന്ന അസംസ്കൃതങ്ങൾ കേടുകൂടാതെയിരിക്കുവാൻ അവയിൽ തളിക്കുന്ന വിഷ-ങ്ങൾ നാമറിയാതെ നമ്മുടെ ശരീരത്തിൽ ദിവസേനയെത്തപ്പെടു-

കയാണ്.

## മഞ്ഞൾപ്പൊടി


**അർബുധത്തെ തടുക്കുന്ന ഘടകങ്ങൾ അടങ്ങിയ മഞ്ഞപൊടിയിൽ ലസ്ക്രോമേറ്റ് എന്ന രാസപദാർത്ഥം ചേർക്കുന്നുണ്ട്.ഫലമോ പ്രക്യത്യാൽ എന്തിനെതിരാണോ അതു തന്നെ ക്യാൻസർ രോഗം സമ്മാനിക്കുന്നു.**

1809 ഫെബ്രുവരി 12-നാണ് ഇംഗ്ലണ്ടിലെ ഷ്യൂബറി എന്ന സ്ഥലത്ത് ഒരു സമ്പന്ന കുടുംബത്തിൽ ചാൾസ് റോബർട്ട് ഡാർവിൻ ജനിച്ചത്.ഡാർവിനെ എട്ട് വയസുള്ളപ്പോൾ അമ്മ സൂസന്ന ഡാർവിൻ മരിച്ചു.സ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം തന്നെപ്പോലെ മകനെയും ഡോക്ടറാക്കാനായി വൈദ്യശാസ്ത്രം പഠിക്കാൻ എഡിൻബറോ സർവകലാശാലയിൽ ഡാർവിനെ ചേർത്തു. ശാസ്ത്രക്രിയ യോടും മറ്റും വെറുപ്പുതോന്നിയ ഡാർവിൻ പഠനത്തിൽ താൽപര്യം കാണിച്ചില്ല. അങ്ങനെ വൈദ്യപഠനം ഉപേക്ഷിച്ചു.തുടർന്ന് വൈദി കനാകാൻ വൈദശാസ്ത്ര പഠനത്തിന് കേംബ്രിഡ്ജിലെ ക്രൈസ്റ്റ് കോളേജിൽ ചേർന്നു.എന്നാൽ അതിലും ഡാർവിന് താൽപര്യം തോന്നിയില്ല.

## ബീഗ്ൾ എന്ന കപ്പലിലെ യാത്ര

ആയിടയ്ക്കാണ് എച്ച്.എം.എസ് ബീഗ്ൾ എന്ന കപ്പൽ ഒരു ദീർഘ യാത്ര പുറപ്പെടുന്ന വിവരം ഡാർവിന്റെ പ്രൊഫസറായ ഹെൻസ്ലോ അറിയിക്കുന്നത്.യാത്രയിലും ജീവികളെ ശേഖരിക്കുന്നതില്യ താൽപര്യനായ ഡാർവിൻ ആ യാത്രയ്ക്ക് താൽപര്യം കാട്ടി. പക്ഷേ അച്ഛൻ സമ്മതിച്ചില്ലെന്നു മാത്രമല്ല മകൻ വരുന്നില്ലെന്ന് പ്രൊഫസർക്ക് എഴുതുകയും ചെയ്തു.അമ്മാവന്റെ സഹായത്തോടെഅച്ഛനെ സമ്മതിപ്പിച്ച് പ്രൊഫസർക്കൊപ്പം കപ്പലിന്റെ ക്യാപ്റ്റനായ ഫിറ്റ്സ്റോയിയെ കാണാൻ ഡാർവിനെത്തി.മുൻ യാത്രയിലെ കപ്പിത്താനും മറ്റും ദീർഘവും വിരകവുമായ യാത്രയിൽ മനം മടു-

ത്ത് ആത്മഹത്യ ചെയ്ത സാഹചര്യത്തിൽ കൂടെക്കൂട്ടാൻ പറ്റിയ വിദ്യാസമ്പന്നനും നിരീക്ഷണ താൽപ്പര്യനുമായ ഒരാളെ നോക്കിയിരിക്കുകയായിരുന്നു ഫിറ്റ്സ്റോയി. പക്ഷേ ഡാർവിന്റെ മൂക്ക് കണ്ടപ്പോൾ ക്യാപ്റ്റൻ ആളെ വേണ്ടെന്നുവച്ചു. ഡാർവിന്റെ നീളമേറിയ മൂക്ക് അശുഭലക്ഷണമായാണ് അദ്ദേഹം കരുതിയത്. എന്നാൽ കപ്പൽ പരിശോധിക്കുന്ന വേളയിൽ ഡാർവിന്റെ സാമർത്ഥ്യം തിരിച്ചറിഞ്ഞ ഫിറ്റ്സ്റോയി ഒടുവിൽ അദ്ദേഹത്തെത്തന്നെ കൂടെക്കൂട്ടാൻ തീരുമാനിച്ചു.ഇരുപത്തിരണ്ടുകാരനായ ഡാർവിനും ഇരുപത്താറുകാരനായ ഫിറ്റസ്റോയിയും അങ്ങനെ അടുത്ത സുഹൃത്തുക്കളായി.



# പരിണാമം ദൈവഹിതമല്ല പ്രകൃതി പ്രതിഭാസമാണ്

രണ്ടുതവണ കൊടുങ്കാറ്റുമൂലം കപ്പലിന് തിരിച്ചുവരേണ്ടി വന്നു. വീണ്ടും 1831 ഡിസംബർ 27 തീയതി ഇംഗ്ലണ്ടിലെ പ്ലീമത്ത് തുറമുഖത്ത് നിന്ന് ബീഗ്ൾ അതിന്റെ യാത്രയാരംഭിച്ചു.അഞ്ചു വർഷവും രണ്ടു ദിവസവും നീണ്ട പ്രശസ്തമായ യാത്ര ബീഗ്ൾ സഞ്ചാരവേളയിൽ ഡാർവിന്റെ ഇരുപത്തഞ്ചാം പിറന്നാൾ ദിനത്തിൽ അവർ പുതുതായി കണ്ടെത്തിയ പർവതത്തിന് ഡാർവിൻ പർവതം എന്നാണ് ഫിറ്റസ് റോയി പേരിട്ടത്.തന്റെ യാത്രയ്ക്കിടയിൽ കണ്ടെത്തിയ പുതിയൊരു ഡോൾഫിന് ഡോൾഫിനസ് ഫിറ്റ്സ് റോയ് എന്ന് പേരുനൽകിയാണ് ക്യാപ്റ്റനോടുള്ള ബഹുമാനവും സ്നേഹവും ഡാർവിൻ പ്രകടിപ്പിച്ചത്.യാത്രയിലെ കാഴ്ച്ചകളും നിരീക്ഷണ പഠനങ്ങളും കൊണ്ട് ഡാർവിനൊരു കാര്യം വ്യക്തമായി.പരിണാമം ദൈവഹിതമല്ല പ്രകൃതിയിലെ സ്വാഭാവിക പ്രക്രിയയാണ്. യാത്രയിലുടനീളം ഡാർവിൻ ഇതിനായുള്ള തെളിവുകൾ ശേഖരിച്ചു.1836 ൽ തിരിച്ചെത്തി.1844 ൽ പരിണാമ സിദ്ധാന്തത്തിന്റെ കരട് എഴുതിത്തീർത്തിട്ടും ഡാർവിൻ തന്റെ പരിണാമ സിദ്ധാന്തം പ്രസിദ്ധീകരിച്ചത് 1959 ൽ മാത്രമാണ്.തെളിവുകളുടെ വിശ്വാസതയും കൃത്യതയും കൂട്ടാനും പഴുതടച്ച

**സിദ്ധാന്തം തയ്യാറാക്കാനും വേണ്ടി അദ്ദേഹം കാത്തിരിക്കുകയായി രുന്നുവെന്നുവേണം കരുതാൻ.**

# നന്ദി